**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1819** **29-09-2025 - ൽ മറുപടിയ്ക്ക്**

**മൊകേരി ഗവ. കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മൊകേരി ഗവ. കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ടി പദ്ധതിയുടെ ഡി. പി. ആർ. അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മൊകേരി ഗവ. കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമാണത്തിനായി കണ്ടെത്തിയ പ്ലോട്ടിലേക്ക് ആവശ്യമായ റോഡ് ആക്സസ് ലഭ്യമല്ലാത്തതിനാലും ഫൗണ്ടേഷൻ സംബന്ധിച്ച ആശങ്കകളുടെയും അടിസ്ഥാനത്തിൽ കിഫ്ബി പ്രാഥമികമായി ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തി ഡീസ്കോപ്പ് ചെയ്തിരുന്നു. കോളേജ് ക്യാമ്പസിലേക്കുള്ള ഇന്റേണൽ റോഡ് നിർമ്മിക്കുന്നതിന് 2.26 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പ് നടത്തുന്ന റോഡിന്റെ നിർമ്മാണ പ്രവൃത്തി കോളേജിൽ പുരോഗമിച്ച് വരികയാണ്. കിഫ്ബി പദ്ധതിയായ ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസി ആയ കിറ്റ്കോ, ഇന്റേണൽ റോഡിന്റെ പ്ലാനുകളും രേഖകളും സഹിതം കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നെങ്കിലും റോഡ് നിർമ്മാണം പൂർത്തീകരിച്ച ശേഷം ലേഡീസ് ഹോസ്റ്റലിന്റെ പുതുക്കിയ DPR സമർപ്പിക്കുന്നതിനാണ് കിഫ്ബി നിർദ്ദേശിച്ചത്. പുതുക്കിയ DPR കിറ്റ്കോ തയ്യാറാക്കി വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | റോഡ് നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം പുതുക്കിയ DPR ന് കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ